(ബി) ഈ സ്ഥാപനത്തിൽ 2014-ൽ എത്ര പേരെ സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ട് ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ ഉത്തരവിന്റെ ആനുകൂല്യം ശ്രീമതി ബി. ആർ. ലതികയ്ക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യകേന്ദ്രം ആശുപത്രി വികസന സമിതിയുടെകീഴിൽ താൽക്കാലികാടിസ്ഥാനത്തിൽ ടെയ്ലറിംഗ് ഇൻസ്ട്രക്ടറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി ബി. ആർ. ലതികയെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ടിയാൾ സമർപ്പിച്ച അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ബി) ഈ സ്ഥാപനത്തിൽ പത്തുവർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിലും തുടർന്ന് കരാറടിസ്ഥാനത്തിലും ജോലി ചെയ്തുവന്നിരുന്ന 125 ജീവനക്കാരെ 1-11-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 325/2014/ആകവ. നമ്പർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തുകയുണ്ടായി. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

ഓപ്പറേഷൻ രുചി പദ്ധതി

65 (3496) ശ്രീ. വർക്കല കഹാർ :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ രുചി പദ്ധതിക്ക് ഭക്ഷ്യസുരക്ഷാവകുപ്പ് തുടക്കം കുറിച്ചിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങൾക്കും പാചകംചെയ്ത് വിൽക്കുന്ന സ്ഥാപനങ്ങൾക്കും ലൈസൻസും രജിസ്ട്രേഷനും നിർബന്ധമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പദ്ധതിനടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) "സുരക്ഷിത ആഹാരം ജനങ്ങളുടെ അവകാശം" എന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനത്തിന്റെ ഭാഗമായി ഭക്ഷണസാധനങ്ങളിൽ രുചി വർദ്ധക വസ്തുക്കളുടെയും രാസപദാർത്ഥങ്ങളുടെയും ഉപയോഗം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഭക്ഷ്യ സുരക്ഷാവകുപ്പ് രൂപീകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് "രുചി" (RUCHI- Restrictive Use of Chemical and Harmful Ingredients)

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എല്ലാ ഭക്ഷ്യോത്പാദകർക്കും വ്യാപാരികൾക്കും ഘട്ടംഘട്ടമായി പരിശീലനം നൽകി ആയതിന് ഒരു സർട്ടിഫിക്കറ്റ് നൽകുകയും തുടർന്ന് ഇത്തരത്തിൽ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്ന ഒരു ജീവനക്കാരൻ നിർബന്ധമായും ടി സ്ഥാപനത്തിൽ ഉണ്ടാകേണ്ടതാണെന്ന് നിബന്ധന ഏർപ്പെടുത്തുകവഴി ടി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം പൂർണ്ണ തോതിൽ കൈവരുത്തുവാൻ കഴിയും.

(ഡി) പദ്ധതി നടപ്പാക്കാൻ എല്ലാ ജില്ലകളിലും ഭക്ഷ്യോത്പാദകർക്കും വ്യാപാരികൾക്കുമായുള്ള ടി പരിശീലന പദ്ധതിക്ക് ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ ആഭിമുഖ്യത്തിൽ ഇതിനകം തുടക്കം കുറിച്ചുകഴിഞ്ഞു.

സംസ്കരിച്ച ഭക്ഷണ പദാർത്ഥങ്ങളിലെ വിഷാംശം

66 (T 3497) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൾട്ടി നാഷണൽ കമ്പനികളുടെ സംസ്കരിച്ച ഭക്ഷണ പദാർത്ഥങ്ങളിൽ അനുവദനീയമായതിനേക്കാൾ കൂടുതൽ അളവിൽ വിഷാംശങ്ങൾ ഉണ്ടെന്നുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly